# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഹ്രസ്വ - ദീർഘ കാല ഇന്റേൺഷിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കേരള സർവകലാശാലയുടെ ഒരു അംഗീകൃത ഗവേഷണ കേന്ദ്രമാണ്. ജൈവവൈവിധ്യത്തെ കുറിച്ച് വിദ്യാർത്ഥികൾക്കു അവബോധം സൃഷ്ടിക്കുന്നതിനും അത് പോലെ തന്നെ ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ് ചെയ്യുന്നതിനുമായി താൽപര്യമുള്ള വിദ്യാർത്ഥികളിൽ നിന്നും ബോർഡ് അപേക്ഷകൾ ക്ഷണിക്കുന്നു.

**ലക്ഷ്യം**

സസ്യശാസ്ത്രം, ജീവശാസ്ത്രം, പരിസ്ഥിതി ശാസ്ത്രം/നിയമം തുടങ്ങിയ വിവിധ വിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികളെ ജൈവവൈവിധ്യ സംരക്ഷണ മേഖലയിലേക്ക് ആകർഷിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 'ജൈവവൈവിധ്യ ഇന്റേൺഷിപ്പ് സ്കീം'. ജൈവവൈവിധ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനും ജൈവവൈവിധ്യ നിയമ പരിശീലകരായ പ്രതിഭകളെ വാർത്തെടുക്കുന്നതിനുമായി പരിസ്ഥിതി സംബന്ധമായ വിവിധ മേഖലകളിലെ മാനവ വിഭവശേഷി വളർത്തിയെടുക്കുകയാണ് ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നത്.

**ഉദ്ദേശ ലക്ഷ്യങ്ങൾ :**

ചുരുങ്ങിയ കാലയളവിൽ തന്നെ വിദ്യാർഥികളിൽ ജൈവവൈവിധ്യ സംരക്ഷണവും ബന്ധപ്പെട്ട നിയമ വ്യവസ്ഥകളെയും കുറിച്ച് അവബോധം സൃഷ്ട്ടിക്കുക, തൊഴിലിടങ്ങളിൽ മറ്റുള്ള ഉദ്യോഗാർഥികളെക്കാൾ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ഇവരെ പ്രാപ്തരാക്കുന്നതിലുപരി ജൈവവൈവിധ്യ സംരക്ഷണ മേഖലയിൽ ഇറങ്ങി പ്രവർത്തിക്കുമ്പോൾ പ്രതീക്ഷിക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധ്യമുണ്ടാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ഇവയ്ക്കു പുറമേ, ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനശൈലി, ജൈവവൈവിധ്യം സംബന്ധിച്ച വിവര ശേഖരണവും അവലോകനവും, റിപ്പോർട്ട് തയ്യാറാക്കൽ, പരിസ്ഥിതി - ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട നിയമങ്ങൾ, കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തി വരുന്ന ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവസരം കൂടിയാണ് ഇന്റേൺഷിപ്പ് വഴി കെ.എസ്.ബി.ബി ഒരുക്കുന്നത്.

**തെരഞ്ഞെടുപ്പ് നടപടിക്രമവും മാനദണ്ഡവും**

- വർഷം മുഴുവൻ ഓൺലൈനായി ഇന്റേൺഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. എല്ലാ മാസത്തിന്റെയും പത്താം തിയതിക്കുള്ളിൽ നിർദ്ദിഷ്ട ഫോർമാറ്റിൽ അപേക്ഷകൾ സമർപ്പിക്കാം. ഒരു മാസം മുമ്പേ മുൻകൂട്ടി അപേക്ഷ സമർപ്പിക്കുന്നതായിരിക്കും ഉത്തമം.

കൂടാതെ, അപേക്ഷയിൽ പരാമർശിക്കുന്ന കാലയളവ് വരെ മാത്രമായിരിക്കും ഇന്റേൺഷിപ്പിന്റെ കാലാവധി.

- ഒരു ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഒരു വിദ്യാർത്ഥിക്കോ/വിദ്യാർത്ഥിനിക്കോ അല്ലെങ്കിൽ പരമാവധി 10 പേർ മാത്രം അടങ്ങുന്ന ഒരു സംഘമായോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- അപേക്ഷയോടൊപ്പം വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തലവന്റെ ഇന്റേൺഷിപ്പിന് അംഗീകാരം നല്കിക്കൊണ്ടുള്ള കത്തും ഉള്ളടക്കം ചെയ്യേണ്ടതാണ്.

- അപേക്ഷകൻ ഇന്റേൺഷിപ്പ് ചെയ്യാനാഗ്രഹിക്കുന്ന വിഷയം / തൽപ്പര മേഖല ഏതാണെന്ന് അപേക്ഷയിൽത്തന്നെ വ്യക്തമാക്കേണ്ടതാണ്.

- അപേക്ഷകളുടെ എണ്ണം കൂടുതലാണെങ്കിൽ അവയിൽ നിന്നും അപേക്ഷകൾ നിരസിക്കുന്നതിനോ മാറ്റി വയ്ക്കുന്നതിനോ കെ.എസ്. ബി.ബി ക്ക് അധികാരമുണ്ടായിരിക്കും.

**യോഗ്യത** :- വിവിധ അംഗീകൃത അക്കാദമിക - ഗവേഷണ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, പഠനം പൂർത്തിയാക്കി പരീക്ഷാ ഫലം കാത്തിരിക്കുന്ന വിദ്യാർത്ഥികൾ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്.

**കാലാവധി** :- 7 ദിവസം മുതൽ 30 ദിവസം വരെ

**ഫീസ്** :- ഹ്രസ്വകാല കോഴ്സുകൾക്ക് (7 മുതൽ 14 ദിവസം വരെ) ഒരാൾക്ക് 1000 രൂപ നിരക്കിലും, ദീർഘകാല കോഴ്സ് (15 ദിവസം മുതൽ 30 ദിവസം വരെ) ഒരാൾക്ക് 2500/- രൂപ നിരക്കിലും ഈടാക്കുന്നതാണ്.

(*പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (BPL) വിദ്യാർത്ഥികൾക്കും ഇന്റേൺഷിപ്പുകൾ സൗജന്യമായി അനുവദിക്കുന്നതാണ്. ഇന്റേൺഷിപ്പിനായി അപേക്ഷിക്കുമ്പോൾ BPL കാർഡിന്റെ പകർപ്പ് നൽകേണ്ടതാണ്.)

**മറ്റു നിബന്ധനകൾ:**

1. **ഇന്റേൺഷിപ്പിന്റെ രീതി** : കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായും സാഹചര്യം മെച്ചപ്പെടുത്തുന്നതിനനുസരിച്ച് ഓഫ്‌ലൈനായും ഇന്റേൺഷിപ്പുകൾ അനുവദിക്കുന്നതാണ്.
2. **അപേക്ഷിക്കേണ്ട രീതി** : വിദ്യാർത്ഥികൾ, അവരുടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേലധികാരി ഒപ്പുവച്ച അപേക്ഷ ബോർഡിന്റെ ഇ-മെയിൽ മുഖേനയോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്.

3. **സ്റ്റൈപ്പന്റ്:-** ഇന്റേണുകൾക്ക് ബോർഡിൽ നിന്നും യാതൊരുവിധ സ്റ്റൈപ്പന്റും ലഭിക്കുന്നതല്ല. യാത്രാചെലവ്, താമസ സൗകര്യമുൾപ്പെടെയുള്ള എല്ലാ ചെലവുകളും വിദ്യാർത്ഥിയോ, അവരെ സ്പോൺസർ ചെയ്യുന്ന സ്ഥാപനമോ വഹിക്കേണ്ടതാണ്.

4. **വിഷയങ്ങൾ:-**

- ജൈവവൈവിധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗം, അവയിൽ നിന്ന് ലഭിക്കുന്ന പ്രയോജനങ്ങളുടെ പങ്കുവയ്ക്കൽ (Access and Benefit Sharing, ABS)
- പരിസ്ഥിതി നിയമങ്ങൾ, , ജൈവവൈവിധ്യ നിയമം, ചട്ടങ്ങൾ
- ജൈവവൈവിധ്യ സർവേ, നിരീക്ഷണങ്ങൾ, ജൈവവൈവിധ്യ ശോഷണം, പാരിസ്ഥിതിക പ്രശ്നങ്ങൾ മുതലായവ.
- ജൈവവൈവിധ്യവും ഉപജീവനവും, ജൈവവിഭവങ്ങളും സമ്പത് വ്യവസ്ഥയും.
- ജൈവവൈവിധ്യ സംരക്ഷണവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും.
- ആശയവിനിമയം, വിദ്യാഭ്യാസം, പൊതുജന ബോധവൽക്കരണം
- ജൈവവൈവിധ്യവും സാമൂഹിക ഇടപെടലുകളും
- ജൈവവൈവിധ്യവും പരമ്പരാഗത അറിവുകളും
- ജൈവവൈവിധ്യ സംബന്ധമായ മറ്റു വിഷയങ്ങൾ

*ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പ്രത്യേക താത്പര്യമുള്ള വിഷയങ്ങളിലും ആവശ്യാനുസരണം ഇന്റേൺഷിപ്പുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

5. **ചികിത്സാ ചെലവുകൾ:-** ഇന്റേൺഷിപ്പിന്റെ ഭാഗമായി ഏതെങ്കിലും വിധത്തിലുള്ള അപകടമോ, അസുഖമോ ഉണ്ടാകുന്ന പക്ഷം വരാനിടയുള്ള ചികിത്സാ ചെലവുകൾ ഇന്റേണുകൾ സ്വയം വഹിക്കേണ്ടതാണ്.
6. **ചുമതലകൾ:-** ഇന്റേൺഷിപ്പിന്റെ ഭാഗമായി ബോർഡ് ഏൽപ്പിക്കുന്ന ചുമതലകൾ ബോർഡിലെ ഇന്റേൺഷിപ്പ് കോർഡിനേറ്ററുടെ മേൽനോട്ടത്തിൽ സമയബന്ധിതമായി ഇന്റേണുകൾ പൂർത്തിയാക്കേണ്ടതാണ്.
7. **റിപ്പോർട്ട് സമർപ്പിക്കേണ്ട രീതി:-** ഇന്റേൺഷിപ്പ് പൂർത്തീകരിച്ച ശേഷം, വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് നടത്തിയ വിഷയത്തിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും പ്രൊജക്റ്റ് കെ.എസ്.ബി.ബി അധികാരികൾക്ക് മുൻപാകെ അവതരിപ്പിക്കേണ്ടതുമാണ്.
8. **സർട്ടിഫിക്കേറ്റ്:-** ഇന്റേൺഷിപ്പ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ബോർഡിന്റെ സർട്ടിഫിക്കേറ്റ് നൽകുന്നതാണ്.
9. **പ്രസിദ്ധീകരണം:-** ഇന്റേണുകൾ പ്രസിദ്ധീകരിക്കുവാനുദ്ദേശിക്കുന്ന വിഷയത്തിന്റെ പ്രൊപ്പോസലുകൾ മുൻകൂറായി ബോർഡിൽ സമർപ്പിച്ച് അനുമതി വാങ്ങേണ്ടതും, പ്രസ്തുത പ്രസിദ്ധീകരണങ്ങളിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ക്രഡിറ്റ്

നൽകേണ്ടതുമാണ്. ഇന്റേൺഷിപ്പിന്റെ ഭാഗമായി ലഭ്യമാകുന്ന വിവരങ്ങളെ ആസ്പദമാക്കി യാതൊരുവിധ ഡോക്യുമെന്റുകളും കെ.എസ്.ബി.ബി യുടെ അനുമതിയോടെയല്ലാതെ പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല.

10. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നേരിട്ടുള്ള പരിപാടിയിൽ പങ്കെടുക്കുന്ന പക്ഷം ഇന്റേണുകൾ എല്ലായ്പ്പോഴും സാമൂഹിക അകലം, ഉചിതമായ ഗുണനിലവാരമുള്ള ഫെയ്സ് മാസ്കുകൾ, കൈകഴുകൽ / കൈ ശുചിത്വം, മറ്റ് ശുചിത്വ രീതികൾ എന്നിവ നിർബന്ധമായും പാലിക്കേണ്ടതാണ്.

NB: പ്രസ്തുത ഇന്റേൺഷിപ്പ് സ്കീമിൽ ആവശ്യാനുസരണം മാറ്റങ്ങൾ വരുത്താൻ കെ.എസ്.ബി.ബിക്ക് അധികാരമുണ്ട്.

മെമ്പർ സെക്രട്ടറി (i/c)
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്